**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **14.11.2019-ൽ മറുപടിക്ക്**

**ചോദ്യം നം.5008**

**പ്രളയ രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സജി ചെറിയാൻ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ ചെങ്ങന്നൂർ മണ്ഡലത്തിൽ രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികളുടെ ബോട്ടുകൾക്കും എൻജിനുകൾക്കും കേടുപാടുകൾ സംഭവിച്ച് നഷ്ടങ്ങൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; | (എ) | 2018 ആഗസ്റ്റിലെ മഹാപ്രളയത്തിലെ ചെങ്ങന്നൂർ മണ്ഡലത്തിൽ രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികളുടെ ബോട്ടുകൾക്കും എഞ്ചിനുകൾക്കും കേടുപാടുകൾ സംഭവിച്ച് നഷ്ടങ്ങൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നഷ്ടപരിഹാരത്തിനായി വകുപ്പ് തലത്തിൽ എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | നഷ്ടപരിഹാരത്തിനായി വകുപ്പുതലത്തിൽ 295 അപേക്ഷകളാണ് ലഭിച്ചത്. അതിൽ ചെങ്ങന്നൂർ മണ്ഡലത്തിൽ 194 അപേക്ഷകളാണ് ലഭിച്ചത്. |
| (സി) | ഇതിൽ എത്ര അപേക്ഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും ഇനി എത്രപേർക്ക് നൽകുവാനുണ്ടെന്നും വിശദമാക്കാമോ; | (സി) | ഇതിൽ 289 പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. 5 പേർക്ക് നഷ്ടപരിഹാരം നൽകാനുണ്ട്. |
| (ഡി) | ഇവർക്ക് നഷ്ടപരിഹാരം നൽകുവാനുണ്ടായ കാലതാമസത്തിന്റെ കാരണം ലഭ്യമാക്കുമോ? | (ഡി) | ഇനി നഷ്ടപരിഹാരം നൽകാനുള്ള 5 അപേക്ഷകളിൽ എഞ്ചിനും വള്ളവും ഒന്നുംതന്നെ ഹാജരാക്കിയിട്ടില്ല എന്നതിനാലാണ് നഷ്ടപരിഹാരം നൽകാതിരുന്നത്. പ്രളയത്തിൽ രക്ഷാ പ്രവർത്തനം നടത്തിയ ബോട്ടുകൾക്കും വള്ളങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിൽ കാലതാമസം വരുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**